

ദിവ്യാത്ഭുതം കണ്ടുകഴിഞ്ഞിട്ടും അധർമത്തിൽ മുന്നേറുന്നവരെ നശിപ്പിച്ചുകളയുകയെന്നതാണ് ദൈവികചര്യ. സമൂദ് ജനത ദൃഷ്ടാന്തമാവശ്യപ്പെട്ടു. അല്ലാഹു അതു കാട്ടിക്കൊടുത്തു. എന്നിട്ടവർ വിശ്വസിച്ചുവോ? തൽഫലമായി അവർ നാശത്തിൽ പതിക്കുകയായിരുന്നില്ലേ? ഫറവോനികൾക്ക് പലതരം ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്തു. അവരും വിശ്വസിക്കാൻ വിസമ്മതിച്ചതിനാൽ നശിപ്പിക്കപ്പെടുകയായിരുന്നില്ലേ?

## ഖുർആൻ ബോധനം

**എ.വൈ.ആർ**

### സൂറ-21

# അൽഅമ്പിയാഅ്

قَالَ رَبِّي يَعْلَمُ الْقَوْلَ فِي السَّمَاءِ وَالْأَرْضِ ۖ وَهُوَ السَّمِيعُ الْعَلِيمُ ﴿٤﴾

**4.** ദൈവദൂതൻ പ്രസ്താവിച്ചു: വാനലോകത്തും ഭൂലോകത്തും പറയപ്പെടുന്നതൊക്കെയും എന്റെ നാഥൻ അറിയുന്നുണ്ട്, അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

بَلْ قَالُوا أَضْغَاثُ أَحْلَامٍ بَلِ افْتَرَاهُ بَلْ هُوَ شَاعِرٌ فَلْيَأْتِنَا بِآيَةٍ كَمَا أُرْسِلَ الْأَوَّلُونَ ﴿٥﴾

**5.** പക്ഷേ അവിശ്വാസികൾ ഘോഷിക്കുന്നു: ഇയാൾ പറയുന്നത് വെറും പാഴ്ക്കിനാവുകളാകുന്നു. അല്ല, കെട്ടിച്ചമച്ച വചനങ്ങളാണ്. അല്ല, ഇയാളൊരു കവിയാണ്. സത്യപ്രവാചകനാണെങ്കിൽ പൂർവ പ്രവാചകന്മാർക്കൊപ്പം അയക്കപ്പെട്ടതു പോലുള്ള ദിവ്യാത്ഭുതം ഇയാളും കാണിക്കട്ടെ.

مَا آمَنَتْ قَبْلَهُمْ مِنْ قَرْيَةٍ أَهْلَكْنَاهَا ۖ أَفَهُمْ يُؤْمِنُونَ ﴿٦﴾

**6.** എന്നാൽ ഇവർക്കുമുമ്പ് നാം നശിപ്പിച്ചിട്ടുള്ള നാടുകളൊന്നും സത്യവിശ്വാസം കൈക്കൊള്ളാൻ കൂട്ടാക്കിയിട്ടില്ല. ഇനിയിപ്പോൾ ഇവരാണോ വിശ്വസിക്കാൻ പോകുന്നത്?

**4**

(ദൈവദൂതൻ) പ്രസ്താവിച്ചു = قَالَ

എന്റെ നാഥൻ വാക്ക് അറിയുന്നു (പറയപ്പെടുന്നതൊക്കെയും അറിയുന്നുണ്ട്) = رَبِّي يَعْلَمُ الْقَوْلَ

(എല്ലാം) കേൾക്കുന്നവൻ (നും) = السَّمِيعُ അവനല്ലോ = وَهُوَ വാനലോകത്തും ഭൂലോകത്തും = فِي السَّمَاءِ وَالْأَرْضِ

എല്ലാം അറിയുന്നവ(നും)നായ = الْعَلِيمُ

**അ**വിശ്വാസികൾ നടത്തിക്കൊണ്ടിരിക്കുന്ന കുപ്രചാരണങ്ങളോടും ഗൂഢാലോചനകളോടുമുള്ള പ്രവാചകന്റെ പ്രതികരണമാണിത്. സാരമിതാണ്: ഇക്കൂട്ടർ രഹസ്യമായും പരസ്യമായും പ്രചരിപ്പിക്കുന്നതെല്ലാം എന്റെ നാഥനായ അല്ലാഹു അറിയുന്നുണ്ട്. ഈ ആരോപണങ്ങളുടെ യാഥാർഥ്യമെന്താണെന്നും അതുന്നയിക്കുന്നവരുടെ ലക്ഷ്യമെന്താണെന്നും അവന്നു നന്നായറിയാം. അല്ലാഹുവിന്റെ അറിവിൽ പെടാതെ വാനലോകത്തോ ഭൂലോകത്തോ യാതൊന്നും സംഭവിക്കുന്നില്ല. ഇവരുണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾ പരിഹരിക്കാനുള്ള മാർഗം അവൻ ഒരുക്കിത്തരുന്നതാണ്. ഇക്കാര്യം ഞാൻ അവനിൽ തന്നെ ഭരമേൽപ്പിക്കുകയാണ്. ■

**5**

بَلْ = പക്ഷേ, എന്നാൽ അല്ല   قَالُوٓا = പക്ഷേ, അവർ പറഞ്ഞു (അവിശ്വാസികൾ ഘോഷിക്കുന്നു)
أَضْغَـٰثُ أَحْلَـٰمٍ = (ഇയാൾ പറയുന്നത് വെറും) പാഴ്ക്കിനാവുകളാകുന്നു
بَلِ ٱفْتَرَىٰهُ = അല്ല ഇത് അയാൾ കെട്ടിച്ചമച്ചു(ച്ചമച്ച വചനങ്ങളാണ്)   بَلْ هُوَ شَاعِرٌ = അല്ല, ഇയാൾ ഒരു കവിയാകുന്നു
فَلْيَأْتِنَا = അപ്പോൾ അയാൾ നമുക്ക് കൊണ്ടുവരട്ടെ (സത്യപ്രവാചകനാണെങ്കിൽ കാണിച്ചുതരട്ടെ)
بِـَٔايَةٍ = ഒരു ദൃഷ്ടാന്തം(ദിവ്യാത്ഭുതം)   كَمَآ أُرْسِلَ = അയക്കപ്പെട്ടതുപോലെ ഉള്ള
ٱلْأَوَّلُونَ = പൂർവികർ (പ്രവാചകന്മാർക്കൊപ്പം)

**ഭാ**ഷണം ഒരു കാര്യത്തിൽനിന്ന് മറ്റൊന്നിലേക്ക് നീങ്ങുന്നതിനെ സൂചിപ്പിക്കുന്ന ശബ്ദമാണ് بَلْ. സന്ദർഭമനുസരിച്ച് ഇതിന് അല്ല, പക്ഷേ, എന്നാൽ തുടങ്ങിയ അർഥങ്ങൾ വരും ഇവിടെ ആദ്യത്തെ بل ന്, സൂക്തത്തെ തൊട്ടുമുമ്പുള്ള 'അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്' എന്ന വാക്യവുമായി ബന്ധിപ്പിക്കുമ്പോൾ 'പക്ഷേ,' 'എന്നാൽ' എന്നീ അർഥങ്ങളാവാം. പ്രവാചകനിൽ ആഭിചാരകത്വം ആരോപിക്കുന്ന മൂന്നാം സൂക്തവുമായി ബന്ധിപ്പിക്കുമ്പോൾ 'അല്ല' എന്നും. അതായത് മുഹമ്മദ് ആഭിചാര ശക്തിയാൽ ഉളവാക്കുന്നതാണീ വചനങ്ങളെന്നും ചിലർ ആരോപിക്കുന്നു. ചിലർ, അതല്ല ഇതു വെറും പാഴ് സ്വപ്നങ്ങളാണെന്നു പറയുന്നു. അതുമല്ല, ഇത് അയാളുടെ കപോലകൽപനകളാണെന്ന് വേറെ ചിലർ. വെറും വാക്കുകളൊന്നുമല്ല, അയാൾ ഒന്നാംതരം കവിയാണെന്നു ഇനിയും ചിലർ. أَضْغَـٰثُ أَحْلَـٰمٍ നേരത്തേ *യൂസുഫ്* 44-ാം സൂക്തത്തിൽ വന്നിട്ടുണ്ട്. അർഥം *ഖുർആൻ ബോധനം* അവിടെ വിശദീകരിച്ചിരിക്കുന്നു. പരസ്പര ബന്ധമില്ലാത്ത കാര്യങ്ങൾ കൂടിക്കലർന്ന, വ്യാഖ്യാനക്ഷമവും പരിഗണനീയവുമല്ലാത്ത സ്വപ്നങ്ങളാണ് ഉദ്ദേശ്യം. പ്രവാചകത്വത്തെയും വേദത്തെയും ഇങ്ങനെ പലതായി വ്യാഖ്യാനിക്കുന്നതിനർഥം യഥാർഥത്തിൽ അതെന്താണെന്ന് അവർക്ക് മനസ്സിലായിട്ടില്ല, അല്ലെങ്കിൽ അതിനെ എന്തുപറഞ്ഞാണ് നിഷേധിക്കാനാവുക എന്ന് അവർക്ക് തന്നെ തിട്ടമില്ല എന്നാണ്. അവരുടെ ഈ അനിശ്ചിതാവസ്ഥയെക്കുറിച്ച് *അൽഇസ്റാഅ്* 48-ാം സൂക്തം പറയുന്നു:

ٱنظُرْ كَيْفَ ضَرَبُوا۟ لَكَ ٱلْأَمْثَالَ فَضَلُّوا۟ فَلَا يَسْتَطِيعُونَ سَبِيلًا

(നോക്കുക എന്തൊക്കെയാണവർ നിന്നെക്കുറിച്ചു പറയുന്നത്?! അവർ തീരെ വഴിതെറ്റിപ്പോയിരിക്കുന്നു. ഒരു വാദത്തിലും ഉറച്ചുനിൽക്കാൻ അവർക്ക് സാധിക്കുന്നില്ല). പ്രവാചകനെയും ഖുർആനെയും എതിർക്കുന്നതിലേ അവർ ഐക്യപ്പെട്ടിരുന്നുള്ളൂ. അതെങ്ങനെ വേണമെന്നതിൽ ഭിന്നാഭിപ്രായക്കാരായിരുന്നു. എതിർപ്പു തന്നെ അടിസ്ഥാനരഹിതമായിരുന്നു എന്നതാണതിനു കാരണം.

അല്ലാഹു ജിബ്രീൽ എന്ന മലക്കിലൂടെ തന്നിലേക്കിറക്കിയ സന്ദേശമാണ് ഖുർആൻ എന്ന പ്രവാചകന്റെ വാദമാണ് ജനങ്ങളെ അതിലേക്കാകർഷിക്കുന്ന പ്രധാന ഘടകം. അതിനാൽ ഈ വാദത്തെ ഖണ്ഡിക്കേണ്ടത് സത്യനിഷേധികളെ സംബന്ധിച്ചേടത്തോളം അതിപ്രധാനമായിരുന്നു. അതിന് ഒരു കൂട്ടർ ഉന്നയിക്കുന്ന ന്യായങ്ങൾക്ക് മറുവിഭാഗം ന്യൂനതകൾ കണ്ടെത്തിക്കൊണ്ടിരുന്നു. മുഹമ്മദ് മന്ത്രവാദിയാണെന്ന് വെക്കുക. അത്ഭുത വിദ്യകൾ കാണിച്ച് ഉപജീവനം കഴിക്കുന്നവരാണ് മന്ത്രവാദികൾ. ജീവിതവിശുദ്ധിയോ ധാർമികമായ ഔന്നത്യമോ അവരിൽ പ്രതീക്ഷിക്കേണ്ടതില്ല. അവരൊന്നും ധർമപ്രബോധനത്തിലേർപ്പെടാറുമില്ല. ഇയാളാവട്ടെ, ആളുകളെ അമ്പരപ്പിക്കുന്ന മന്ത്രികവിദ്യകൾ കാണിക്കുന്നില്ല. മാന്ത്രികരെപ്പോലെ അതുപയോഗിച്ച് അന്നം തേടുന്നില്ല. ഉന്നത ധാർമിക ചര്യകളും സംസ്കാരവുമുള്ള ആദർശ പ്രബോധകനാണയാൾ. എന്നിരിക്കെ അയാളൊരു മന്ത്രവാദിയാണെന്ന് എങ്ങനെയാണ് ജനങ്ങൾ വിശ്വസിക്കുക! അയാളുടേത് വെറും പാഴ്സ്വപ്നങ്ങളാണെന്നു പറഞ്ഞാലോ? അയാളുടെ വിവേകവും യുക്തിബോധവും അതിനെ സാധൂകരിക്കുകയില്ല. കൂടാതെ പരസ്പരവിരുദ്ധമായ പാഴ്ക്കിനാക്കൾ പറഞ്ഞു നടക്കുന്നവർക്ക് ഇതുപോലെ വിവേകമതികളും ബുദ്ധിശാലികളുമായ ആളുകളെ ആകർഷിക്കാൻ കഴിയുമോ? എങ്കിൽ ഇതൊക്കെ അയാൾ കെട്ടിച്ചമക്കുന്ന കൃത്രിമങ്ങളാണ് എന്നു പറഞ്ഞാലോ? അവിടെയുമുണ്ട് പ്രശ്നം. ഇത് മാനുഷിക വചനങ്ങളാണെങ്കിൽ 'ഇതുപോലുള്ള വചനങ്ങൾ നിങ്ങളും നിർമിച്ചു കാണിക്കുവീൻ' എന്ന വെല്ലുവിളി ഇനിയും സ്വീകരിക്കപ്പെടാതെ നിലനിൽക്കുകയാണ്. അതു മാത്രമല്ല, കൃത്രിമങ്ങൾ കാട്ടി ആളുകളെ പറ്റിക്കുന്ന ഒരാൾക്ക് വർഷങ്ങളായി നാം നടത്തിക്കൊണ്ടിരിക്കുന്നതുപോലുള്ള എതിർപ്പുകളും അക്രമ മർദനങ്ങളും നേരിട്ടുകൊണ്ട് ഇത്രകാലം നിൽക്കാനുമാവില്ല. കാവ്യപ്രതിഭ കൊണ്ടാണ് അയാൾ ആളുകളെ വശീകരിക്കുന്നതെന്ന് പറഞ്ഞാലോ? മന്ത്രവാദികളുടേതു തന്നെയാണ് കവികളുടെയും കാര്യം. നാവു കൊണ്ട് ജീവിക്കുന്നവരാണവർ. സന്മാർഗദർശനവും സമൂഹ സംസ്കരണവും കവികളുടെ ലക്ഷ്യമല്ല. കവിതകളിൽ തത്ത്വങ്ങളും ദർശനങ്ങളും കാണുമെങ്കിൽ തന്നെ അതൊന്നും കവികളുടെ ജീവിതത്തെ സ്പർശിക്കാറില്ല. മുഹമ്മദിന്റെ കാര്യത്തിലാവട്ടെ, അയാളുടെ വചനം തന്നെയാണയാളുടെ ജീവിതം. തന്റെ ഭാഷണം കൊണ്ട് അയാൾ ഭൗതികമായ പ്രതിഫലമൊന്നും തേടുന്നുമില്ല. മുഹമ്മദ് കവിയാണ് എന്ന ഖുറൈശികളുടെ വാദത്തിന് അദ്ദേഹം 'ഭ്രാന്തനാണ്' എന്ന മറ്റൊരു മാനവും കൂടി ഉണ്ടായിരുന്നു. ഉയർന്ന കാവ്യപ്രതിഭകൾക്കൊപ്പം ഒരു ജിന്ന് ഉണ്ടായിരിക്കുമെന്നായിരുന്നു ജാഹിലീ അറബികളുടെ സങ്കൽപം. ജിന്നു ബാധിച്ചവൻ മജ്നൂൻ-ഭ്രാന്തൻ-ആണ്. കൂടെ ചേർന്ന 'ജിന്നാ'ണ് കവിക്ക് സുന്ദരമായ ഭാവനകളും വരികളും തോന്നിക്കുന്നത്. അതുകൊണ്ട് പ്രവാചകൻ കവിയാണ് എന്ന ആരോപണത്തിൽ അദ്ദേഹം ജിന്നു ബാധിച്ചവൻ-ഭ്രാന്തൻ ആണ് എന്ന ആരോപണവും അടങ്ങിയിരുന്നു.

പരസ്പര വിരുദ്ധമായ ഈ വ്യാഖ്യാനങ്ങളിലൂടെ

വാസ്തവത്തിൽ, തങ്ങളിപ്പറയുന്നതിൽ നിന്നൊക്കെ അതീതവും പ്രൗഢവും വിശുദ്ധവുമായ വ്യക്തിത്വമാണ് പ്രവാചകൻ എന്ന് അവർ സ്വയം സമ്മതിക്കുകയായിരുന്നു. ഹജ്ജ് കാലത്ത് ഖുറൈശികൾ പല ഗ്രൂപ്പുകളായി ഹാജിമാർ മക്കയിലേക്കു പ്രവേശിക്കുന്ന കവാടങ്ങളിൽ ചെന്നുനിൽക്കാറുണ്ടായിരുന്നു. ഓരോ ഗ്രൂപ്പും അവർ കണ്ടുമുട്ടുന്ന ഹാജിമാരോട് അവരുടെ വീക്ഷണമനുസരിച്ചാണ് സംസാരിക്കുക. ചിലർ പറയും: നോക്കൂ ഇവിടെ മുഹമ്മദ് എന്നൊരാൾ ഒരു പുത്തൻ പ്രസ്ഥാനവുമായി രംഗപ്രവേശം ചെയ്തിരിക്കുന്നു. അയാളുടെ ഭാഷണം അത്യാകർഷകമായിത്തോന്നും. അതൊന്നും കേട്ട് മയങ്ങിപ്പോകരുത് കേട്ടോ. നമ്മുടെ പൂർവികരെയും ദൈവങ്ങളെയുമൊക്കെ ആക്ഷേപിക്കുന്ന ഭ്രാന്തനാണയാൾ. മറ്റൊരു കൂട്ടർ പറയും: അയാൾ കേവലം പാഴ്ക്കിനാവുകൾ പറയുകയാണ്. ആളുകളെ പറ്റിക്കാൻ ഓരോന്ന് കെട്ടിച്ചമച്ചവതരിപ്പിക്കുകയാണെന്നായിരിക്കും വേറെ ചിലർ പറയുന്നത്. ഈ കുപ്രചാരണം യഥാർഥത്തിൽ വിപരീത ഫലമാണ് ഉളവാക്കിയത്. ഇതൊക്കെ കേൾക്കുന്നവരിൽ ബുദ്ധിമാന്മാരായവർ ഖുർആൻ നേരിൽ കേൾക്കാൻ ഉത്സുകരാവുകയായിരുന്നു. അവരിൽ പലരും പ്രവാചകന്റെ ശിഷ്യന്മാരായി മാറുകയും ചെയ്തു. ഇതെക്കുറിച്ച് *ഖുർആൻ ബോധനം* സൂറഃ *അൽഹിജ്ർ* 90-ാം സൂക്തത്തിനു താഴെ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

ഉപരി സൂചിത ആരോപണങ്ങളൊന്നും ജനങ്ങളെ ഇസ്‌ലാമിൽനിന്ന് പൂർണമായി അകറ്റാൻ പര്യാപ്തമാകുന്നില്ല എന്നു കാണുമ്പോൾ അവസാനമായി ഉപയോഗിക്കുന്ന ആയുധമാണ് ...فَلْيَأْتِنَا എന്ന വാക്യത്തിൽ അവതരിപ്പിക്കുന്നത്. മുഹമ്മദ് നബി(സ) അവതരിപ്പിച്ച ഏറ്റവും വലിയ ദിവ്യാത്ഭുതം ഖുർആൻ തന്നെയാണല്ലോ. ഖുർആന്റെ ദൈവികത നിഷേധിക്കുമ്പോൾ അതിന്റെ അമാനുഷികത-اعجاز-യും നിഷേധിക്കപ്പെടുന്നു. ഈ അടിസ്ഥാനത്തിൽ പ്രവാചകൻ സത്യവാനാണെങ്കിൽ അതിനു വേറെ ദൃഷ്ടാന്തം കാണിക്കണമെന്നാവശ്യപ്പെടുകയാണ്. ഇത് സാധാരണക്കാരെ കൂടുതൽ സ്വാധീനിക്കുന്ന വാദമാണ്. പ്രവാചകന്മാരുടെ ദിവ്യാത്ഭുതങ്ങളെക്കുറിച്ച് വേദക്കാരിലും അവർ മുഖേന അറേബ്യൻ വിഗ്രഹാരാധകരിലും ധാരാളം കഥകൾ പ്രചരിച്ചിട്ടുണ്ടായിരുന്നു. വടി പാമ്പാക്കുക, കടൽ പിളർക്കുക, മരിച്ചവരെ ജീവിപ്പിക്കുക, പെട്ടെന്ന് രോഗശമനം വരുത്തുക, നിഷേധികൾക്കു മീതെ ശിക്ഷയിറക്കുക എന്നിങ്ങനെ. അവയെല്ലാം ജനങ്ങളെ അമ്പരപ്പിക്കുന്നതായിരുന്നു. അത്തരം ദൃഷ്ടാന്തമാണ് ഇവിടെ آية കൊണ്ട് ഉദ്ദേശിക്കുന്നത്. മുഹമ്മദീയ ദൃഷ്ടാന്തമായ ഖുർആൻ ഇന്ദ്രിയാനുഭവം കൊണ്ട് അമ്പരപ്പുണ്ടാക്കുന്നതല്ല. മനുഷ്യന്റെ ബുദ്ധിയെയും ഉൾക്കാഴ്ചയെയുമാണ് അത് സംബോധന ചെയ്യുന്നത്. പക്ഷേ, സാധാരണക്കാരെ എളുപ്പത്തിൽ ആകർഷിക്കുക പ്രകൃത്യാതീതമായ പ്രതിഭാസങ്ങൾ ഉളവാക്കുന്നതാണ്. അതുകൊണ്ട് അത്തരം അത്ഭുതങ്ങൾ കാണിച്ചുതരട്ടെ എന്നാവശ്യപ്പെട്ടുകൊണ്ട് സാധാരണ ജനങ്ങളെ ഇളക്കിവിടുകയാണവർ.

നേരത്തെ സൂചിപ്പിട്ടുള്ളതുപോലെ ഖുർആന്നെതിരെ പണ്ടുപറഞ്ഞിരുന്ന വിമർശനങ്ങൾ തന്നെയാണ് കാലോചിതമായ പരിഷ്കരണങ്ങളോടെ ഇന്നും ഉന്നയിക്കപ്പെടുന്നത്. ചെകുത്താൻ ബാധയും ജിന്നിന്റെ പ്രചോദനവുമൊക്കെ ഇന്നു കാലഹരണപ്പെട്ടിരിക്കുന്നു. അതിനു പകരം എപ്പിലപ്സി, സ്കിസോഫ്രീനിയ തുടങ്ങിയ ആധുനിക മനഃശാസ്ത്രത്തിന്റെ പദാവലികളാണ് ഇക്കാലത്ത് ഉപയോഗിക്കപ്പെടുന്നത്. സുഭദ്രമായ ഒരു ദർശന പദ്ധതിയും ജീവിത പ്രത്യയശാസ്ത്രവും, ആവിഷ്കരിക്കാനും സഹസ്രാബ്ദങ്ങളോളം നിലനിർത്താനും, കേവലം അപസ്മാരത്തിനും അതുപോലുള്ള മനോരോഗങ്ങൾക്കും കഴിയുമോ എന്ന് ആലോചിച്ചുനോക്കാൻ, ഖുർആന്റെ ദൈവികതയെ നിഷേധിക്കണമെന്ന് നേരത്തേ തീരുമാനിച്ചുറച്ചവർ ഒരിക്കലും തയാറാവുകയില്ല. ■

**6**

مَآ ءَامَنَتْ = സത്യവിശ്വാസം കൈക്കൊണ്ടി(ക്കൊള്ളാൻ കൂട്ടാക്കി)ട്ടില്ല قَبْلَهُم = അവർക്ക് മുമ്പുള്ള
مِّن قَرْيَةٍ = നാടുകളിൽനിന്ന് (നാടുകളൊന്നും) أَهْلَكْنَـٰهَآ = നാം അവയെ നശിപ്പിച്ചു(ച്ചിട്ടുള്ള)
أَفَهُمْ = ഇനി(യിപ്പോൾ) ഇവരാണോ يُؤْمِنُونَ = വിശ്വസിക്കുന്നു(ക്കാൻ പോകുന്നത്)

**അ**വിശ്വാസികൾ നിരന്തരം ദിവ്യാത്ഭുതം തേടി ബുദ്ധിമുട്ടിക്കുന്നതിനെക്കുറിച്ച് അല്ലാഹു പ്രവാചകനെ സമാശ്വസിപ്പിക്കുകയാണ്. ദൃഷ്ടാന്തങ്ങളുടെ കുറവുകൊണ്ടല്ല ഇക്കൂട്ടർ സത്യധർമങ്ങളെ നിഷേധിക്കുന്നത്. അതെല്ലാം നിഷേധിച്ച് തന്നിഷ്ട പ്രകാരം വാഴാൻ, നേരത്തെ തീരുമാനിച്ചതുകൊണ്ടാണ്. ആ തീരുമാനത്തിലുറച്ചു നിൽക്കാൻ ഓരോ ന്യായങ്ങൾ തേടുകയാണവർ. അത്തരക്കാർ ഒരു കാലത്തും സത്യവിശ്വാസം കൈക്കൊള്ളാൻ പോകുന്നില്ല. ദിവ്യാത്ഭുതം കണ്ടു കഴിഞ്ഞിട്ടും അധർമത്തിൽ മുന്നേറുന്നവരെ നശിപ്പിച്ചുകളയുകയെന്നതാണ് ദൈവികചര്യ. സമൂദ് ജനത ദൃഷ്ടാന്തമാവശ്യപ്പെട്ടു. അല്ലാഹു അതു കാട്ടിക്കൊടുത്തു. എന്നിട്ടവർ വിശ്വസിച്ചുവോ? തൽഫലമായി അവർ നാശത്തിൽ പതിക്കുകയായിരുന്നില്ലേ? ഫറവോനികൾക്ക് പലതരം ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്തു. അവരും വിശ്വസിക്കാൻ വിസമ്മതിച്ചതിനാൽ നശിപ്പിക്കപ്പെടുകയായിരുന്നില്ലേ? ഇനിയിപ്പോൾ ഇക്കൂട്ടർ ഒരു ദൃഷ്ടാന്തം കണ്ടാലുടനെ സത്യമംഗീകരിക്കുമെന്ന് കരുതുന്നുണ്ടോ? ഉണ്ടെങ്കിൽ അതു വെറുതെയാണ്. വാസ്തവത്തിൽ ദൃഷ്ടാന്തം വന്നെത്താൻ വൈകുന്നത് അവർക്ക് വലിയ ഗുണമാണ്. പുനരാലോചനക്കും വീണ്ടെടുപ്പിനും അത്രയും സാവകാശം ലഭിക്കുകയാണവർക്ക്. ദൃഷ്ടാന്തം വന്നാൽ പിന്നാലെ അവരുടെ വിനാശവുമെത്തും. ■

**തിരുത്ത്**

*ഖുർആൻ ബോധനം* 778-ൽ 'മുഹമ്മദ് നബിയുടെ മക്കാ ജീവിതത്തിന്റെ ഏതാണ്ട് മധ്യഘട്ടത്തിലാണ് സൂറത്തുൽ അമ്പിയാഅ് അവതരിച്ചതെന്ന് കരുതപ്പെടുന്നു' എന്ന് തിരുത്തിവായിക്കാൻ അപേക്ഷ.

എഡിറ്റർ